'ഭരണഭാഷ – മാതൃഭാഷ'

# കേരള_സംസ്ഥാന_വൈദ്യുതി_ബോർഡ്_ലിമിറ്റഡ്

**(1956-ലെ ഇൻഡ്യൻ കമ്പനി നിയമപ്രകാരം അംഗമാക്കപ്പെട്ടത്)**

**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695 004.**

**സംഗ്രഹം**

പ്രളയക്കെടുതി - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് KSEB Ltd ജീവനക്കാരിൽ നിന്നും സംഭാവന – PF – ൽ നിന്ന് NRA അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് KSEB Ltd – ൽ പ്രാബല്യത്തിൽ വരുത്തുന്നത് - സംബന്ധിച്ച്

---

**കോർപ്പറേറ്റ്_ഓഫീസ്_(പേഴ്സണൽ)**

ഓഫീസ് ഓർഡർ (സി.എം.ഡി) നം. 549 /2018 (പി.എസ്.1 (ബി)/യൂണിയൻസ് മീറ്റിംഗ്സ് /2017)

തിരുവനന്തപുരം, തീയതി. 01.10.2018

---

പരാമർശം:-1. സ.ഉ (അച്ചടി) നം.151/2018/ധന. തീയതി, തിരുവനന്തപുരം, 26/09/2018, ധനകാര്യ (പ്രോവിഡന്റ് ഫണ്ട്) വകുപ്പ്.

2. സ.ഉ (അച്ചടി) നം.144/2018/ധന. തീയതി, തിരുവനന്തപുരം, 11/09/2018.

3. ഓഫീസ് ഓർഡർ (സി.എം.ഡി) നം. 447/2018 (പി.എസ്.1 (ബി)/യൂണിയൻസ് മീറ്റിംഗ്സ് /2017) തിരുവനന്തപുരം, തീയതി. 13.09.2018

**ഉത്തരവ്**

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതി വരുത്തിവെച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തെ സർക്കാർ ജീവനക്കാരും മറ്റുള്ള വരുമാനക്കാരും തങ്ങളുടെ ഒരു മാസത്തെ ശമ്പളം / വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭ്യർത്ഥിച്ചിരുന്നു. മേൽ അഭ്യർത്ഥന അനുസരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി PF – ൽ നിന്ന് NRA അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതിനുള്ള കേരള സർക്കാർ ധനകാര്യ (പ്രോവിഡന്റ് ഫണ്ട്) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മേൽ സൂചിത ഉത്തരവ് പരാമർശം (1) KSEB Ltd – ൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവാകുന്നു. KSEB Ltd – ൽ പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്തുന്നതിലേക്കായി ആവശ്യം വേണ്ട മാറ്റങ്ങൾ PF അക്കൗണ്ടിങ്ങിൽ വരുത്തേണ്ടതാണ്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉൾച്ചേർക്കുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ആജ്ഞാനുസരണം

**ഒപ്പ്**
**ഉണ്ണികൃഷ്ണൻ. പി.ജി.**
**സെക്രട്ടറി (ഭരണം)**

പകർപ്പ് :
എല്ലാ ചീഫ് എഞ്ചിനീയർമാരും / എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും
എല്ലാ എക്സിക്യൂട്ടീവ് എൻജിനിയർ മാരും
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
റീജിയണൽ ഓഡിറ്റ് ഓഫീസർ / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ
ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (സി.പി & എസ്.സി.എം)

Scanned by CamScanner

ടി. എ ടു ഡയറക്ടർ (ജി- സി& എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ.റ്റി)
ടി. എ ടു ഡയറക്ടർ (റ്റി & എസ്.ഒ)
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

1/x/2018

സീനിയർ സൂപ്രണ്ട്

Scanned by CamScanner

**കേരള സർക്കാർ**

**സംഗ്രഹം**

ജി പി എഫ് (കേരള) റൂൾസ്, 2011 --മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന - പി എഫിൽ നിന്ന് എൻ ആർ എ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (പ്രോവിഡന്റ് ഫണ്ട് ) വകുപ്പ്**

**സ.ഉ. (അച്ചടി) നമ്പർ 151/2018/ധന തിരുവനന്തപുരം,തിയ്യതി 26/09/2018**

---

പരാമർശം : 1. ജി .ഒ. (പി) നം 144/2018/ധന തിയ്യതി 11-09-2018.
2. സർക്കുലർ നമ്പർ 88/2018/ധന തിയ്യതി 25.09.2018.

**ഉത്തരവ്**

പരാമർശം 1ലെ ഉത്തരവിന്റെ ഉൾപ്പിരിവ് 6 പ്രകാരം സർക്കാർ ജീവനക്കാർക്ക് തങ്ങളുടെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും 2018 സെപ്റ്റംബർ മാസത്തെ ശമ്പളത്തിന് (Gross Salary) തുല്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടക്കാവുന്നതാണെന്നും ആയതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തരമായി സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ജി പി എഫ് (കേരള) റൂൾസ്, 2011 ലെ ചട്ടം 20(2), 20(3) പ്രകാരം നിലവിൽ തിരിച്ചടക്കേണ്ടാത്ത മുൻകൂറിന് (NRA) അപേക്ഷിക്കാൻ അർഹതയില്ലാത്ത ജീവനക്കാർക്കും തങ്ങളുടെ പി എഫ് അക്കൗണ്ടിൽ നിന്ന് 2018 സെപ്റ്റംബർ മാസത്തെ ശമ്പളത്തിന് തുല്യമായ തുക (Gross Salary) തിരിച്ചടക്കേണ്ടാത്ത മുൻകൂർ എടുത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നല്കുന്നതിന് പ്രത്യേക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 2 ലെ സർക്കുലറിൽ പറയുന്ന പ്രകാരം, ജി പി എഫ്(കേരള) റൂൾസ്,2011 ൽ ടി വിഷയവുമായി ബന്ധപ്പെട്ട ഭേദഗതി ഉത്തരവുകൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ഹെറോൾഡ് സേവ്യർ**

**അഡിഷണൽ സെക്രട്ടറി**

Scanned by CamScanner

ഗ്രാഹകൻ

1. പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ),ഓഡിറ്റ്,കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ജി & എസ് എസ് എ),കേരള,തിരുവനന്തപുരം.
3. അക്കൌണ്ടന്റ് ജനറൽ(ഇ ആർ & എസ് എ),കേരള,തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം.
5. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി,തിരുവനന്തപുരം.(സിഎൽ അടക്കം).
6. കേരള/കൊച്ചിൻ/കോഴിക്കോട്/കോട്ടയം/കണ്ണൂർ/കാലടി സംസ്കൃത സർവകലാശാല സെക്രട്ടറി (സി എൽ അടക്കം ).
7. കേരള സംസ്ഥാന വൈദ്യുതി ബോർഡ് സെക്രട്ടറി,തിരുവനന്തപുരം.(സി എൽ അടക്കം ).
8. മണ്ണുത്തി കേരള കാർഷിക സർവകലാശാല റജിസ്ട്രാർ , തൃശ്ശൂർ .(സി എൽ അടക്കം ).
9. കേരള ഹൈകോർട്ട് റജിസ്ട്രാർ, എറണാകുളം.(സി എൽ അടക്കം ).
10. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടിമാർ .
11. അഡ്വക്കേറ്റ് ജനറൽ,കേരള,എറണാകുളം.(സി എൽ അടക്കം ).
12. മാനേജിങ്ങ് ഡയറക്ടർ ,കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം(സി എൽ അടക്കം ).
13. സെക്രട്ടറി, കേരള ഗവർണ്ണർ.
14. പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ/ഡെപ്യൂട്ടി സ്പീക്കർ.
15. പ്രൈവറ്റ് സെക്രട്ടറി,പ്രതിപക്ഷ നേതാവ് ,തിരുവനന്തപുരം.
16. അഡീഷണൽ സെക്രട്ടറി,കേരള ചീഫ് സെക്രട്ടറി.
17. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ , കേരള.
18. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,തിരുവനന്തപുരം(സി എൽ അടക്കം ).
19. കേരള ലോകായുക്ത റജിസ്ട്രാർ,തിരുവനന്തപുരം(സി എൽ അടക്കം ).
20. പബ്ലിക് റിലേഷൻസ് ഡയറക്ടർ , തിരുവനന്തപുരം.
21. പേഴ്സണൽ അസിസ്റ്റന്റ്,ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി.
22. നോഡൽ ഓഫീസർ ,www.finance.kerala.gov.in
23. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner